# കേരള കാർഷിക സർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പട്ടാമ്പി

നം. ഡി1-6461/2022 തിയ്യതി, മേലേ പട്ടാമ്പി,13-04-2023

**<u>പുന:ക്വട്ടേഷൻ പരസ്യം</u>**

ഈ ഗവേഷണ കേന്ദ്രത്തിലെ കൃഷിപ്പണികളും അനുബന്ധജോലികളും ചെയ്തു തരുന്നതിന് തയ്യാറുള്ള പുരുഷ / സ്ത്രീ തൊഴിലാളികളെ ലഭ്യമാക്കാൻ കഴിയുന്നവരിൽ നിന്നും രഹസ്യസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയ്യതി : 27.04.2023 പകൽ 11:00 മണി
ക്വട്ടേഷനുകൾ തുറക്കുന്ന തിയ്യതി / സമയം : 27.04.2023 പകൽ 11:30 മണി

ക്വട്ടേഷൻ കാലയളവ് : 01.05.2023 മുതൽ 31.03.2024 വരെ.

**<u>നിബന്ധനകൾ:</u>**

1. പരമാവധി 8 സ്ത്രീ, 4 പുരുഷ തൊഴിലാളികളെയാണ് (ആകെ 12 പേർ) പ്രതിദിനം ലഭ്യമാക്കേണ്ടത്.
2. ഫാമിൽ നിന്നും ആവശ്യപ്പെടുമ്പോഴെല്ലാം മേൽ പറഞ്ഞ എണ്ണം തൊഴിലാളികളെ എത്തിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഇപ്രകാരം ലഭ്യമാക്കപ്പെടുന്ന തൊഴിലാളികൾ കേന്ദ്രത്തിലെ അതതു വിഭാഗം മേധാവികളുടെ നിർദ്ദേശമനുസരിച്ച് ഏൽപ്പിക്കുന്ന ജോലികൾ കൃത്യമായി ചെയ്തു തീർക്കുവാൻ ബാധ്യസ്ഥരായിരിക്കും.
3. വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ ക്വട്ടേഷനിൽ സ്ത്രീപുരുഷഭേദമന്യേ ഒരു തൊഴിലാളിക്ക് പ്രതിദിനം ലഭിക്കേണ്ട തുകയാണ് രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ സമർപ്പിക്കുന്നയാളുടെ പേരും മേൽ വിലാസവും മൊബൈൽ നമ്പറും ക്വട്ടേഷനിൽ രേഖപ്പെടുത്തണം. ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന ഒട്ടിച്ച കവറിനു പുറത്ത്, "പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വിവിധ ജോലികൾക്കായി തൊഴിലാളികളെ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ - 2023-'24" എന്ന് എഴുതിയിരിക്കണം.
4. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നയാളുടെ ക്വട്ടേഷൻ എ.ഡി.ആർ.-ന്റെ തീരുമാനത്തിനു വിധേയമായി അംഗീകരിക്കുന്നതായിരിക്കും.
5. ഈ സ്ഥാപനത്തിന്റെ 10 കി.മീ. ചുറ്റളവിൽ താമസിക്കുന്ന തൊഴിലാളികളെ ലഭ്യമാക്കുന്നയാൾക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്.
6. കരാറുകാരന്റെ പ്രവർത്തനം ഏതെങ്കിലും തരത്തിൽ തൃപ്തികരമല്ലെന്നു കണ്ടാൽ കലാവധിക്കു മുൻപു തന്നെ കരാർ റദ്ദു ചെയ്യുവാൻ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം മേധാവിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
7. കരാർ പ്രകാരമുള്ള തുകക്കല്ലാതെ കരാറുകാരനോ തൊഴിലാളികൾക്കോ മറ്റു യതൊരു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ഭാവിയിൽ ഈ കേന്ദ്രത്തിലോ

കേരള കാർഷിക സർവകലാശാലയിലോ ഉണ്ടായേക്കാവുന്ന നിയമനങ്ങളിൽ ടി തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

8. ബാധകമായിട്ടുള്ള ആദായനികുതി കരാർ തുകയിൽ നിന്നും കിഴിവു ചെയ്യുന്നതായിരിക്കും. ഇതിലേക്കായി ആദായനികുതി വകുപ്പ് അനുവദിച്ചിട്ടുള്ള പാൻ കാർഡ് പകർപ്പ് കരാറുകാരൻ ഹാജരാക്കേണ്ടതാണ്.
9. അവസാനതിയ്യതിയിൽ, പറഞ്ഞിരിക്കുന്ന സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി / സ്ഥാപനം ക്വട്ടേഷൻ സമർപ്പിക്കുന്ന വേളയിൽ രൂ. 1000/- നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനത്തിന്റെ നിരതദ്രവ്യം സുരക്ഷിതനിക്ഷേപമായി മാറ്റി രശീതി ചെയ്യുന്നതായിരിക്കും.
10. ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ പ്രതിമാസമായിരിക്കും കരാർ തുക നല്കുക. യാതൊരു കാരണവശാലും വേതനം മുൻകൂറായി നല്കുന്നതല്ല.
11. മറ്റു സർക്കാർ ക്വട്ടേഷനുകളുടെ നിബന്ധനകളെല്ലാം ഈ ക്വട്ടേഷനും ബാധകമായിരിക്കും.
12. ക്വട്ടേഷനുകളുടെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുവാനും യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷനുകൾ നിരസിക്കുവാനും പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.

ഒപ്പ്/-
ഡോ. പി. രാജി,
അസ്സോസിയറ്റ് ഡയറക്ടർ ഓഫ് റിസർച്ച് (i/c)

സ്വീകർത്താക്കൾ : പരസ്യഫലകം (ഫാം) / പ്രധാന ഓഫീസ് പരസ്യഫലകം / സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് / കൃഷിഭവൻ പട്ടാമ്പി / പട്ടാമ്പി നഗരസഭ.

പകർപ്പ് : ഫാം സൂപ്രണ്ട് / ഫാമിന്റെ ചുമതലയുള്ള പ്രൊഫസ്സർ / ഡോ. വി. തുളസി, അസ്സോസിയറ്റ് പ്രൊഫസ്സർ, കോഴ്സ് കോ-ഓർഡിനേറ്റർ, ഐ.എ.ടി., ആർ.എ.ആർ.എസ്. പട്ടാമ്പി.

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ